## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ റ്റി.വി, IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് – അങ്കണവാടി പരിശീലന പദ്ധതി - ജില്ലാതല ട്രെയിനിംഗ് – ട്രെയിനർമാരുടെ ടീം (TOT) രൂപീകരിക്കുന്നത് – TOT മാർക്ക് ഓൺലൈൻ ട്രെയിനിംഗ് നൽകുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം: 1) 07.06.2021 ലെ സ.ഉ (സാ.ധാ) നം. 400/2021/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.

2) 28.06.2021 ലെ സ.ഉ (സാധാ) നം. 2021/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നം. ICDS-B8/7831/2020 തീയതി: 29.07.2021**

അങ്കണവാടി പ്രവർത്തകരുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന് അങ്കണവാടി വർക്കർ, ഹെൽപ്പർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർക്കായി എല്ലാ വർഷവും ട്രെയിനിംഗ് സംഘടിപ്പിച്ചു വരുന്നു. കേന്ദ്ര ധനസഹായത്തോടെ NGO മുഖാന്തിരമാണ് ട്രെയിനിംഗ് സംഘടിപ്പിച്ചു വന്നിരുന്നത്. എന്നാൽ 2019 – 20 വർഷത്തിന് ശേഷം NGO കൾക്ക് ഫണ്ട് നൽകിയില്ലായെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ലാതല ഓഫീസർമാർ മുഖാന്തിരം ഐ.സി.ഡി.എസ് ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതിന് മുന്നോടിയായി ജില്ലാതലങ്ങളിൽ പരിശീലനം നൽകുന്നതിന് ട്രെയിനർമാരുടെ ടീം (TOT) രൂപീകരിക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും ഉള്ള പദ്ധതിയ്ക്ക് പരാമർശ പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

TOT മാർക്കായുള്ള ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് അങ്കണവാടി പരിശീലന പദ്ധതിയ്ക്കുള്ള മൊഡ്യൂളുകളുടെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് ഷെഡ്യൂളിന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി TOT മാർക്കുള്ള ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി കൊല്ലം, പത്തിനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവാകുന്നു.

1. കോവിഡ് മാനദണ്ഡങ്ങളുടെ പശ്ചാത്തലത്തിൽ ഓൺലൈൻ രീതിയിലാണ് ട്രെയിനിംഗ് സംഘടിപ്പിയ്ക്കേണ്ടത്. ഓഫ് ലൈൻ ട്രെയിനിംഗ് അത്യാവശ്യമായ മേഖലകൾക്ക് മാത്രം പ്രത്യേകം ഷെഡ്യൂൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ട്രെയിനിംഗ് പൂർത്തീകരിച്ച ശേഷം മാത്രം ഓഫ് ലൈൻ ട്രെയിനിംഗ് നടത്തേണ്ടതാണ്. ഓഫ് ലൈൻ ട്രെയിനിംഗ്

നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

2. ഒരു ജില്ലയിൽ സി.ഡി.പി.ഒ/സൂപ്പർവൈസർ/AWTC ഇൻസ്ട്രക്ടേഴ്സ്/മറ്റ് വിഷയ വിദഗ്ധർ എന്നിവർ ഉൾപ്പെടെ 15 പേരെയാണ് TOT ക്കായി Master Trainer മാരായി തിരഞ്ഞെടുക്കേണ്ടത്. എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യാനും ക്ലാസ്സെടുക്കാനും പ്രാപ്തിയുള്ളവരെയാണ് ഇത്തരത്തിൽ TOT മാരായി തിരഞ്ഞെടുക്കേണ്ടത്.
3. അങ്കണവാടി വർക്കർ, ഹെൽപ്പർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർക്കുള്ള ജോബ്, റിഫ്രഷർ ട്രെയിനിംഗ് മൊഡ്യൂളുകൾ എല്ലാ പ്രോഗ്രാം ഓഫീസർമാർക്കുമായി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മൊഡ്യൂളുകൾ ആസ്പദമാക്കിയും ഇതോടൊപ്പം നൽകുന്ന ട്രെയിനിംഗ് ഷെഡ്യൂൾ പ്രകാരവുമാണ് ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടത്.
4. ട്രെയിനിംഗ് നൽകുന്നതിനായി ഓരോ വിഷയത്തിലും റിസോഴ്സ് പേഴ്സൺസ് ആയി ഉപയോഗപ്പെടുത്താൻ കഴിയുന്നവരുടെ ഒരു പാനൽ ഇതോടൊപ്പം നൽകുന്നു. പ്രോഗ്രാം ഓഫീസർമാർക്ക് പ്രസ്തുത പാനലിലെ റിസോഴ്സ് പേഴ്സൺസ്-നെ ഉപയോഗപ്പെടുത്തിയോ ജില്ലാ തലങ്ങളിൽ തന്നെ വിദഗ്ദരെ കണ്ടെത്തിയോ ട്രെയിനിംഗ് സംഘടിപ്പിക്കാവുന്നതാണ്.
5. രണ്ട് ജില്ലകളിലെ 15 വീതം TOT മാരെ ഒന്നിച്ചാക്കി 30 പേരടങ്ങുന്ന ബാച്ചുകളായാണ് ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടത്. ഇതിനായി ചുവടെപ്പറയും പ്രകാരം ജില്ലകൾ ക്രമപ്പെടുത്തുകയും TOT ട്രെയിനിംഗ് നടത്തേണ്ട ആവശ്യത്തിലേക്കായി താഴെപ്പറയുന്ന പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

| ക്രമ നം | ജില്ലകൾ | ചുമതലപ്പെടുത്തുന്ന പ്രോഗ്രാം ഓഫീസർ |
|---|---|---|
| 1 | തിരുവനന്തപുരം + കൊല്ലം | പ്രോഗ്രാം ഓഫീസർ, കൊല്ലം |
| 2 | പത്തനംതിട്ട + ആലപ്പുഴ | പ്രോഗ്രാം ഓഫീസർ, പത്തനംതിട്ട |
| 3 | കോട്ടയം + ഇടുക്കി | പ്രോഗ്രാം ഓഫീസർ, കോട്ടയം |
| 4 | എറണാകുളം + തൃശ്ശൂർ | പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ |
| 5 | പാലക്കാട് + മലപ്പുറം | പ്രോഗ്രാം ഓഫീസർ, മലപ്പുറം |
| 6 | കോഴിക്കോട് + വയനാട് | പ്രോഗ്രാം ഓഫീസർ, കോഴിക്കോട് |
| 7 | കണ്ണൂർ + കാസർഗോഡ് | പ്രോഗ്രാം ഓഫീസർ, കണ്ണൂർ |

മാസ്റ്റർ ട്രെയിനർമാരെ കണ്ടെത്തുന്നതും mobilize ചെയ്യുന്നതും ഭാവി പരിശീലനങ്ങൾ ആസൂത്രണം ചെയ്യുന്നതും അതതു ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാർ തന്നെയായിരിക്കും.

6. മേൽ പട്ടിക പ്രകാരം ചുമതല നൽകിയിട്ടുള്ള പ്രോഗ്രാം ഓഫീസർമാർ ഓൺലൈൻ ട്രെയിനിംഗ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതും TOT യ്ക്ക് നിയോഗിച്ചിട്ടുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണ്.
7. ട്രെയിനിംഗിന് ചുമതല നൽകിയിട്ടില്ലാത്ത പ്രോഗ്രാം ഓഫീസർമാർ തങ്ങളുടെ ജില്ലയിലെ TOT മാരുടെ ലിസ്റ്റ് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും ട്രെയിനിംഗിന് പൂർണ്ണ സഹകരണം നൽകേണ്ടതുമാണ്.
8. 05.08.2021 മുതൽ ഓൺലൈൻ ട്രെയിനിംഗുകൾ ആരംഭിയ്ക്കേണ്ടതും 2021 സെപ്തംബർ 30 ന് മുൻപ് ട്രെയിനിംഗ് പൂർത്തിയാക്കി വിശദമായ റിപ്പോർട്ട്, പങ്കെടുത്ത TOT മാരുടെ ലിസ്റ്റ് Expenditure Statement, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
9. അങ്കണവാടി ഹെൽപ്പർ ട്രെയിനിംഗ് അടിസ്ഥാനപ്പെടുത്തിയുള്ള ഷെഡ്യൂൾ 5 ദിവസവും വർക്കർ മൊഡ്യൂൾ അടിസ്ഥാനപ്പെടുത്തിയുള്ള ഷെഡ്യൂൾ 6 ദിവസവും ഐ.സി.ഡി.എസ് സൂപ്പർവൈസർ ട്രെയിനിംഗ് മൊഡ്യൂൾ അടിസ്ഥാനപ്പെടുത്തിയുള്ള ഷെഡ്യൂൾ 7 ദിവസവും ആണ് തയ്യാറാക്കിയിട്ടുള്ളത്. ഓൺലൈൻ ട്രെയിനിംഗ് ആകയാൽ രാവിലെ 9.30 മുതൽ 1.00 മണി വരെയുള്ള സെഷനുകൾ ഒരു ദിവസവും, ഉച്ചയ്ക്ക് 2 മണി മുതൽ 5.30 മണി വരെയുള്ള സെഷനുകൾ അടുത്ത ദിവസവും എന്ന രീതിയിൽ ക്രമീകരിച്ച് നടത്താവുന്നതാണ്. ഇപ്രകാരം നടത്തുമ്പോൾ തുടർച്ചയായ 5 ദിവസത്തെ ട്രെയിനിംഗ് കഴിഞ്ഞ് ഒരു ദിവസത്തെ ഇടവേള നൽകാവുന്നതാണ്.
10. ട്രെയിനിംഗ് ക്ലാസ്സുകൾ ഭാവിയിലെ ഉപയോഗത്തിനായി record ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത ട്രെയിനിംഗ് നടത്തിപ്പിലേയ്ക്കായി ചുമതല നൽകപ്പെട്ടിട്ടുള്ള പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിയ്ക്കുന്നു.

| ക്രമ നം | ഇനം | അനുവദിക്കുന്ന തുക |
|---|---|---|
| 1. | ഹോണറേറിയം | 60,000/- |
| 2. | Zoom meeting platform | 6,000/- |
| 3. | സ്റ്റേഷനറി | 5,000/- |
| | ആകെ | 71,000/- |

(അധികം വരുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്)

ആയത് പ്രകാരം ആകെ അനുവദിയ്ക്കുന്ന തുക ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോഗ്രാം ഓഫീസർ | അനുവദിക്കുന്ന തുക |
|---|---|---|
| 1. | കൊല്ലം | 71,000/- |
| 2. | പത്തനംതിട്ട | 71,000/- |
| 3. | കോട്ടയം | 71,000/- |
| 4. | തൃശ്ശൂർ | 71,000/- |
| 5. | മലപ്പുറം | 71,000/- |
| 6. | കോഴിക്കോട് | 71,000/- |
| 7. | കണ്ണൂർ | 71,000/- |
| **ആകെ അനുവദിക്കുന്ന തുക** | | **4,97,000/-** |

**( നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ മാത്രം)**

മേൽ പട്ടിക പ്രകാരമുള്ള ജില്ലകളിലെ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് മേൽ തുക അലോട്ട്മെന്റായി അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ തുക അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. (ഫണ്ട് അധികം ആകുന്ന പക്ഷം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.)

ഇതിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-41(P) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

**(ഒപ്പ്)**

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

**പകർപ്പ്**

1. ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട് എ സെക്ഷൻ (അലോട്ടുമെന്റിന് )
3. സൂപ്രണ്ട് പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം

**സൂപ്രണ്ട്**